പിൻവലിക്കുകയും ചെയ്തിരുന്നുണ്ടെന്നും കോച്ചുകളുടെ എണ്ണനിലവാരം ഉറപ്പുവരുത്തുവാനും പരമാവധി പുതിയ കോച്ചുകളുടെ ലഭ്യത ഉറപ്പുവരുത്തുവാനും ഉള്ള ഇടപെടലുകൾ ഡിവിഷണൽ റെയിൽവേ ഓഫീസുകൾ നടത്തുന്നുണ്ടെന്നും 25 വർഷം കഴിഞ്ഞ കോച്ചുകൾ അപ്പോൾത്തന്നെ പിൻവലിക്കുകയും ചെയ്യുന്നുണ്ടെന്നും റെയിൽവേ അറിയിച്ചിട്ടുണ്ട്.

(ബി) ഇല്ല. തിരുവനന്തപുരത്തേയും എറണാകുളത്തേയും റിപ്പയർ സൗകര്യങ്ങൾ പ്രധാന റിപ്പയറുകൾ ചെയ്യുവാനുതകുന്ന രീതിയിൽ വിപുലപ്പെടുത്തണമെന്ന് ഇതിനകംതന്നെ റെയിൽവേ മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

ട്രെയിനുകളുടെ സമയ പുനഃക്രമീകരണം

68 (3222) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറപ്പുഴ, എറണാകുളം, തൃശ്ശൂർ ഭാഗങ്ങളിൽ നിന്ന് രാവിലെയും വൈകിട്ടും പോവുന്നതിനും തിരികെ വരുന്നതിനുമുള്ള ജനങ്ങളുടെ യാത്രാക്ലേശവും ബുദ്ധിമുട്ടുകളും കണക്കിലെടുത്ത് ഈ സമയങ്ങളിൽ ഓടുന്ന ധൻബാദ്, ഏറനാട്, പാസഞ്ചർ ട്രെയിനുകളുടെ സമയങ്ങൾ ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ പുനഃക്രമീകരിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) വൈകുന്നേര സമയത്തെ യാത്രാക്ലേശം കണക്കിലെടുത്ത് ആറപ്പുഴയിൽ യാത്ര അവസാനിക്കുന്ന ധൻബാദ് എക്സ്പ്രസിനും ആറപ്പുഴ വഴി കടന്നുപോകുന്ന ഏറനാട് എക്സ്പ്രസിനും തൃശ്ശൂരിനുശേഷമുള്ള അങ്കമാലി ഉൾപ്പെടെയുള്ള പ്രധാനപ്പെട്ട സ്റ്റേഷനുകളിൽ സ്റ്റോപ്പ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ദീർഘദൂര ട്രെയിനുകളായ ധൻബാദ്, ഏറനാട് ട്രെയിനുകൾ ആറപ്പുഴയ്ക്കും തൃശ്ശൂരിനും ഇടയ്ക്കുള്ള ഒരു വിഭാഗം ഹ്രസ്വദൂര യാത്രക്കാർക്കുവേണ്ടി പുനഃക്രമീകരിക്കുന്നത് മറ്റ് എക്സ്പ്രസ് ട്രെയിനുകളുടെ സമയക്രമത്തെ ബാധിക്കും. ഹ്രസ്വദൂര യാത്രക്കാർക്കുവേണ്ടി പാസഞ്ചർ ട്രെയിനുകൾ ഓടുന്നുണ്ട്. ദീർഘദൂര ട്രെയിനുകൾക്ക് അധിക സ്റ്റോപ്പുകൾ അനുവദിക്കുന്നത് പിന്നാലെയുള്ള മറ്റു ട്രെയിനുകളെ ബാധിക്കും. എക്സ്പ്രസ് ട്രെയിനുകൾ പരമാവധി വേഗത്തിലും കുറഞ്ഞ എണ്ണം സ്റ്റോപ്പുകളോടെയും സർവ്വീസ് നടത്തുന്നതാണ് സംസ്ഥാനത്തിന്റെ താല്പര്യത്തിന് നല്ലത് എന്നാണ് റെയിൽവേ അറിയിച്ചിട്ടുള്ളത്. ധൻബാദ് എക്സ്പ്രസ്സിനും ഏറനാട് എക്സ്പ്രസ്സിനും പുതിയ സ്റ്റോപ്പ് അനുവദിക്കാൻ പദ്ധതിയില്ലെന്നും ഏറനാട് എക്സ്പ്രസ്സിന് തൃശ്ശൂരിനും ആലുവയ്ക്കും ഇടയിൽ ചാലക്കുടിയിൽ സ്റ്റോപ്പുണ്ടെന്നും ട്രെയിനുകൾക്ക് അധികമായി സ്റ്റോപ്പുകൾ

LIBRARY ARCHIVES Kerala Legislative Assembly

അനുവദിക്കുന്നത് പിന്നാക്കമുള്ള ഒരുകൂട്ടം സൂപ്പർ ഫാസ്റ്റ് എക്സ്പ്രസ്സ് ഓടുന്നകളെ ബാധിക്കുമെന്നതിനാൽ പുതുതായി അധിക സ്റ്റോപ്പുകൾ അനുവദിക്കാൻ നിർവ്വാഹമില്ലെന്നുമാണ് റെയിൽവേ അറിയിച്ചിട്ടുള്ളത്.

തപാൽ മേഖലയിലെ പരിഷ്കരണങ്ങൾ

69 (3223) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കമ്പിത്തപാൽ മേഖലയിലെ സേവനങ്ങളിൽ പലതും പ്രാദേശികമായ സൗകര്യക്കുറവുകൾമൂലം പരിഷ്കരിക്കപ്പെടേണ്ടതും മാറ്റപ്പെടേണ്ടതുമാണെന്ന കാര്യം ബോദ്ധ്യപ്പെട്ടിട്ടുണ്ടോ. എങ്കിൽ ഈ വിഷയത്തിൽ സംസ്ഥാന സർക്കാരിന്റെ പരിധിയിൽ നിന്ന് ചെയ്തിട്ടുള്ള കാര്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇന്റർനെറ്റിലൂടെ വളരെ വേഗം വിവരവിനിമയത്തിന് സാധ്യതയുള്ളപ്പോൾ കുറഞ്ഞചെലവിൽ വിവരങ്ങളെത്തിക്കാൻ പോസ്റ്റൽ ഡിപ്പാർട്ട്മെന്റ് നൽകുന്ന പോസ്റ്റ് കാർഡ്, ഇൻലന്റ് ലെറ്റർ കാർഡ് എന്നിവയിൽ കമ്പ്യൂട്ടർ പ്രിന്റ് എടുത്താൽ കാർഡിന്റെ വില 50 പൈസ എന്നതിൽ നിന്നും പടിപടിയായി വർദ്ധിക്കുന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; കേരളം പോലുള്ള സംസ്ഥാനങ്ങളിൽ ഇപ്പോഴും കൂടുതലായി ഉപയോഗിക്കപ്പെടുന്ന പോസ്റ്റ് കാർഡിൽ കമ്പ്യൂട്ടർ പ്രിന്റോ, സീലോ ഉപയോഗിക്കുന്നതിന് അധിക തുക ഈടാക്കുന്ന നടപടി ഒഴിവാക്കുന്നതിന് അനുമതി തേടുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) പോസ്റ്റ് കാർഡിന്റെ നിരക്ക് ഇപ്പോഴും വർഷങ്ങൾക്കുമുമ്പ് നിശ്ചയിച്ചിട്ടുള്ള 50 പൈസ തന്നെയാണ്. എന്നാൽ അതിന്റെ ഫോട്ടോകോപ്പി ഉപയോഗിക്കുമ്പോൾ "Printed Post Card" എന്ന വിഭാഗത്തിൽ വരുന്നതുകൊണ്ടാണ് 6 രൂപ ചാർജ്ജ് നൽകേണ്ടി വരുന്നത്.

മലിനീകരണ നിയന്ത്രണ ബോർഡിലെ നിയമനം

70 (3224) ശ്രീ. എ. കെ. ശശീന്ദ്രൻ :

ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലിനീകരണ നിയന്ത്രണബോർഡിൽ വിവിധ കാറ്റഗറികളിലുള്ള ഒഴിവുകളുടെ എണ്ണം വ്യക്തമാക്കാമോ:

LIBRARY ARCHIVES Kerala Legislative Assembly